# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) 3(4) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം.12/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 04/01/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22/05/2015-ലെ എം3-14639/2015 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/09/2015-ലെ എൽ.എഫ്.8631/പിറ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം സോഡിയം വേപ്പർ ലാമ്പുകൾ റിപ്പയർ ചെയ്ത വകയിൽ ചിലവഴിച്ച 8,420/-രൂപ, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം സ്ട്രീറ്റ് ലൈറ്റുകളിൽ ബൾബ് മാറ്റി ട്യൂബ് സ്ഥാപിക്കുന്നതിനായി ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ ചെലവഴിച്ച 3,300/-രൂപ എന്നിവയുടെ ചിലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ആയതിന് സാധൂകരണം ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും പഞ്ചായത്തിന്റെ അപേക്ഷയും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും ജില്ലതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ പഞ്ചായത്ത് വർഷങ്ങൾക്ക് മുമ്പ് വാങ്ങിയ സോഡിയം വേപ്പർ ലാമ്പുകളിൽ വന്ന റിപ്പയർ പ്രവൃത്തി പൊതു ജനങ്ങളിൽ നിന്നും ലഭിച്ച നിരന്തര പരാതികളുടെയും മെമ്പർമാരുടെ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് ചെയ്തതെന്നും കെഎസ്.ഇ.ബി അധികൃതരിൽ നിന്നും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാണ് സാധനങ്ങൾ വാങ്ങിയതിനും റിപ്പയറിങ്ങിനുമായി തുക വിനിയോഗിച്ചതെന്നും ഗ്രാമപഞ്ചായത്തിന്റെ 31/05/2011-ലെ സാധാരണ യോഗത്തിലെ 5(3):ാം നമ്പർ തീരുമാന പ്രകാരം വിശദീകരിച്ചിട്ടുണ്ടെന്നും, ഖണ്ഡിക 3(4) പ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചതിൽ ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ റ്റൂട്രോണിക്സ് എന്ന സ്ഥാപനത്തിന് നൽകിയ 3300/-രൂപ, കെ.എസ്.ഇ.ബി അധികൃതരിൽ നിന്നും ലഭിച്ച എൻ.ഒ.സി പ്രകാരമാണ് പഞ്ചായത്ത് വാങ്ങി നൽകിയ ട്യൂബുകൾ ബന്ധപ്പെട്ട പോസ്റ്റുകളിൽ ഇൻസ്റ്റാൾ ചെയ്തതെന്നും ആയതിനാൽ പഞ്ചായത്ത് ഡയറക്ടറുടെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച പ്രസ്തുത തുകകൾക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും

സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ ചെലവഴിച്ചിട്ടുള്ള തുകകളിൽ ഉൾപ്പെട്ടിട്ടുള്ള തെരുവുവിളക്ക് റിപ്പയറിങ്ങിനായി ചെലവഴിച്ച തുക വളരെ ചെറുതായതിനാലും പഞ്ചായത്ത് ഡയറക്ടറുടെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം ചിലവഴിച്ച 8,420/-(എണ്ണായിരത്തി നാനൂറ്റി ഇരുപത് രൂപ മാത്രം) രൂപ, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം ചെലവഴിച്ച 3,300/-(മൂവായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ എന്നിവയുടെ ചിലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, അകത്തേത്തറ ഗ്രാമപഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ